**File No.SJD/1523/2020-C2**

സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/1523/2020-സി2

തിരുവനന്തപുരം,
തീയതി. 30/01/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് – മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന വിചാരണ തടവുകാരുടേയും, കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്നവരുടേയും പുനരധിവാസ പദ്ധതി – സന്നദ്ധ സംഘടനകൾക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :
1. സാ.നീ.ഡയറക്ടറുടെ 13/01/2020 - ലെ സി1-10156/19 നം. ഉത്തരവ്.
2. സ.ഉ.(സാധാ)നം.393/2020 സാ.നീ.വ. തീയതി. 16/08/2020.
3. സ.ഉ.(സാധാ)നം.683/2020 സാ.നീ.വ. തീയതി. 30/11/2020.
4. തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ (ഗ്രേഡ് I ജെ.ജെ) 28/12/2020 –ലെ ഡിപിഒ/റ്റി/223/2020 നം. കത്ത്.

മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന വിചാരണ തടവുകാരുടേയും, കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്നവരുടേയും പുനരധിവാസ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 3 പേരെ തിരുവനന്തപുരം നാലാഞ്ചിറയിൽ പ്രവർത്തിക്കുന്ന ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീട് എന്ന സ്ഥാപനവും, 3 പേരെ തിരുവനന്തപുരം വെട്ടുകാട് പ്രവർത്തിക്കുന്ന ദിവ്യശാന്തി ആശ്രമവും ഏറ്റെടുത്തിരുന്നു.

മേൽപ്രകാരം ഏറ്റെടുത്ത വ്യക്തികൾക്കുള്ള 2019 ഓഗസ്റ്റ് 6 മുതൽ ഡിസംബർ 31 വരെയുള്ള 5 മാസത്തെ ഗ്രാന്റിനത്തിൽ, 47,925/- രൂപാ വീതം ആകെ 95,850/- രൂപാ ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീടിനും, ദിവ്യശാന്തി ആശ്രമത്തിനും പരാമർശം (1) പ്രകാരം മാറി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തിൽ നൽകുവാനുള്ള ബാക്കി തുക അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും, 2020-21 സാമ്പത്തിക വർഷത്തിൽ നൽകുവാനുള്ള തുക അനുവദിച്ചുകൊണ്ട് പരാമർശം (3) പ്രകാരവും സർക്കാർ ഉത്തരവായിട്ടുണ്ട്.

പരാമർശം (1) പ്രകാരം അനുവദിച്ച തുക ചെലവഴിച്ചത് സംബന്ധിച്ച് മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ധനവിനിയോഗ സർട്ടിഫിക്കറ്റ്, തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ബാക്കി തുക മാറി നൽകാവുന്നതാണ്. പ്രസ്തുത ധനവിനിയോഗ സർട്ടിഫിക്കറ്റും, മേൽ സ്ഥാപനങ്ങൾക്ക് ബാക്കി തുക അനുവദിക്കുന്നതിന് ശുപാർശ

ചെയ്തുകൊണ്ടുള്ള തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്. ഒരാൾക്ക് ഒരു മാസത്തെ വിവിധ ആവശ്യങ്ങൾക്കായി 3305/- രൂപാ ക്രമത്തിൽ 6 പേർക്ക് 2020 ജനുവരി മുതൽ 2020 ഡിസംബർ വരെയുള്ള 12 മാസത്തെ ഗ്രാന്റ് ഇനത്തിൽ ആകെ **2,37,960/- രൂപാ (3305 x 6 x 12)** ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീടിനും, ദിവ്യശാന്തി ആശ്രമത്തിനും അനുവദിച്ച് നൽകേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീടിനും, ദിവ്യശാന്തി ആശ്രമത്തിനും 2020 ജനുവരി മുതൽ 2020 ഡിസംബർ വരെയുള്ള ഗ്രാന്റിനത്തിൽ നൽകുവാനുള്ള ബാക്കി തുകയായ **2,37,960/- രൂപാ (രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി തൊള്ളായിരത്തി അറുപത് രൂപാ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.സ്ഥാപനങ്ങൾ തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബാക്കി തുക അനുവദിക്കുന്നതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തടവുകാരുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീട് | 3 | 1,18,980/- |
| 2 | ദിവ്യശാന്തി ആശ്രമം | 3 | 1,18,980/- |
| | **ആകെ തുക** | | **2,37,960/-** |
| | **(രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി തൊള്ളായിരത്തി അറുപത് രൂപാ മാത്രം)** | | |

മേൽ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

1. ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീട്
   നാലാഞ്ചിറ
   അക്കൗണ്ട് നം. - 0483053000012200
   ഐ.എഫ്.എസ്.സി - SIBL0000483
   ബാങ്ക് - സൗത്ത് ഇൻഡ്യൻ ബാങ്ക്, നാലാഞ്ചിറ
2. ദിവ്യശാന്തി ആശ്രമം
   അക്കൗണ്ട് നം. - 40062010036607
   ഐ.എഫ്.എസ്.സി - SYNB004006
   ബാങ്ക് - സിൻഡിക്കേറ്റ് ബാങ്ക്, കൊച്ചുവേളി

**File No.SJD/1523/2020-C2**

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ

പകർപ്പ് :

1. സൂപ്രണ്ട്, എ/ബി/പ്ലാനിംഗ് സെക്ഷൻ
2. തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസർ (ഗ്രേഡ് I ജെ.ജെ)
3. ഡയറക്ടർ, ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് സ്നേഹവീട്
   മദർ സുപ്പീരിയർ, ദിവ്യശാന്തി ആശ്രമം

   സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്